**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 349** **27-01-2026 - ൽ മറുപടിയ്ക്ക്**

**തെരുവുനായ ആക്രമണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കെ. ബഷീർ | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് തെരുവു നായ്ക്കളുടെ കടിയേറ്റതിനാലും പേവിഷബാധ മൂലവും മരിച്ചവരുടെയും ചികിത്സ തേടിയവരുടെയും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(എ) **സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷത്തിനിടെ നായ കടിയേറ്റ് ആശുപത്രികളിൽ ചികിത്സ തേടിയവരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. തെരുവ് നായ കടിയേറ്റ് ചികിത്സ തേടുന്നവരുടെ അഞ്ച് വർഷത്തെ ജില്ല തിരിച്ചുള്ള കണക്കുകൾ പ്രത്യേകം ലഭ്യമല്ല.**

| നം | ജില്ല | 2021 | 2022 | 2023 | 2024 | 2025 |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 31806 | 41335 | 44326 | 50870 | 58108 |
| 2 | കൊല്ലം | 23525 | 31419 | 34011 | 37618 | 45521 |
| 3 | പത്തനംതിട്ട | 11381 | 14898 | 14184 | 15460 | 19989 |
| 4 | കോട്ടയം | 12353 | 18404 | 31319 | 23360 | 25879 |
| 5 | ആലപ്പുഴ | 15433 | 19404 | 24006 | 27726 | 33929 |
| 6 | ഇടുക്കി | 7954 | 7780 | 8534 | 10003 | 11539 |
| 7 | എറണാകുളം | 23690 | 28105 | 28925 | 32086 | 35681 |
| 8 | തൃശ്ശൂർ | 13818 | 30172 | 30043 | 29363 | 36711 |
| 9 | പാലക്കാട് | 28474 | 32671 | 28346 | 31303 | 35170 |
| 10 | മലപ്പുറം | 8887 | 11543 | 13658 | 11143 | 12234 |
| 11 | കോഴിക്കോട് | 12190 | 15763 | 19616 | 18472 | 20494 |
| 12 | വയനാട് | 6950 | 8651 | 5505 | 5719 | 6702 |
| 13 | കണ്ണൂർ | 15299 | 18584 | 15760 | 15418 | 17633 |
| 14 | കാസർഗോഡ് | 9619 | 10137 | 8194 | 8252 | 9682 |
| ആകെ | | 221379 | 288866 | 306427 | 316793 | 369272 |

**പേവിഷബാധയേറ്റ് മരണമടഞ്ഞവരുടെ എണ്ണം ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ നൽകുന്നു.**

| നം | ജില്ല | 2021 | 2022 | 2023 | 2024 | 2025 |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 1 | 8 | 3 | 4 | 1 |
| 2 | കൊല്ലം | 2 | 1 | 7 | 6 | 5 |
| 3 | പത്തനംതിട്ട | 1 | 1 | 0 | 2 | 4 |
| 4 | ആലപ്പുഴ | 1 | 2 | 6 | 3 | 5 |
| 5 | കോട്ടയം | 0 | 1 | 1 | 0 | 0 |
| 6 | ഇടുക്കി | 0 | 1 | 0 | 1 | 0 |
| 7 | എറണാകുളം | 0 | 0 | 2 | 3 | 3 |
| 8 | തൃശ്ശൂർ | 0 | 5 | 2 | 1 | 4 |
| 9 | പാലക്കാട് | 0 | 4 | 2 | 4 | 4 |

| | | | | | | |
|---|---|---|---|---|---|---|
| 10 | മലപ്പുറം | 1 | 1 | 1 | 0 | 3 |
| 11 | കോഴിക്കോട് | 3 | 2 | 0 | 0 | 3 |
| 12 | വയനാട് | 0 | 0 | 0 | 0 | 0 |
| 13 | കണ്ണൂർ | 1 | 1 | 1 | 2 | 1 |
| 14 | കാസർഗോഡ് | 1 | 0 | 0 | 0 | 0 |
| ആകെ | | 11 | 27 | 25 | 26 | 33 |

**തെരുവ് നായ്ക്കൾ മൂലം പേവിഷബാധയേറ്റ് മരണമടഞ്ഞവരുടെ എണ്ണം ജില്ല തിരിച്ചുള്ള കണക്കുകൾ പ്രത്യേകം ലഭ്യമല്ല.**

(ബി) തെരുവു നായ ആക്രമണത്തിന് ഇരയാകുന്നവർക്കും കടിയേറ്റ് വളർത്തു മൃഗങ്ങൾ ചത്ത കർഷകർക്കും നൽകി വരുന്ന നഷ്ടപരിഹാര തുകയുടെ മാനദണ്ഡം വ്യക്തമാക്കാമോ; ഇത്തരത്തിൽ എത്ര ആളുകൾക്ക് നഷ്ടപരിഹാരം നല്കിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകാമോ; സുപ്രീം കോടതി നിർദ്ദേശിച്ച ജസ്റ്റിസ് സിരിജഗൻ കമ്മിറ്റി മുഖേന ഇതുവരെ എത്ര പേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) **തെരുവുനായ ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരത്തിനായി അപേക്ഷിക്കേണ്ടത് ബഹു. ജസ്റ്റിസ് (റിട്ട) സി രി ജഗൻ കമ്മിറ്റി മുമ്പാകെയായിരുന്നു. എന്നാൽ ബഹു. ഹൈക്കോടതിയുടെ WP(C) 41 500/2024 ലെ 18.12.2024 നിർദ്ദേശ പ്രകാരം 8.8.2025 ലെ സ.ഉ (കൈ) നം.135/2025/തസ്വഭവ പ്രകാരം സംസ്ഥാനത്ത് തെരുവുനായ ആക്രമണം മൂലം ഉണ്ടാകുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിനായി ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറി ചെയർപേഴ്സൺ ആയി ജില്ലാതല Stray Dog Victim Compensation Recommendation Committee (SDVCRC) രൂപീകരിച്ച് ഉത്തരവായിരുന്നു.**

**ജസ്റ്റിസ് (റിട്ട) എസ്സ് സിരിജഗൻ കമ്മറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലുള്ള 43 &44 റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാര തുക ലഭിച്ച ആളുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.**

**1. മലപ്പുറം - 1**

**2. കണ്ണൂർ- 7**

**3. വയനാട് - 3**

**4. കൊല്ലം - 3**

**5. കോഴിക്കോട് - 8**

**6. തൃശ്ശൂർ - 9**

**7. ആലപ്പുഴ - 11**

**8. കാസറഗോഡ് - 1**

**സർക്കാരിന്റെ 28.09.2024 സ.ഉ(സാധാ)535/2024/AHD പ്രകാരം തെരുവ് നായ ആക്രമണത്തിന് ഇരയായ വളർത്തു മൃഗങ്ങളുടെ ഉടമസ്ഥർക്കു നൽകി വരുന്ന നഷ്ടപരിഹാരത്തുകയുടെ മാനദണ്ഡം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈയിനത്തിൽ 1675 കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.**

**1. തിരുവനന്തപുരം 551**

**2 കൊല്ലം 109**

**3. പത്തനംതിട്ട 34**

**4. ആലപ്പുഴ 127**

**5. കോട്ടയം 28**

**6. ഇടുക്കി 24**

**7. എറണാകുളം 38**

**8. തൃശ്ശൂർ 264**

<table>
<tr>
<td></td>
<td></td>
<td></td>
<td>9. പാലക്കാട് 71<br><br>10. മലപ്പുറം 131<br><br>11. കോഴിക്കോട് 136<br><br>12. വയനാട് 69<br><br>13. കണ്ണൂർ 17<br><br>14. കാസറഗോഡ് 76</td>
</tr>
<tr>
<td>(സി)</td>
<td>തെരുവു നായ്ക്കളുടെ വന്ധ്യംകരണത്തിനായി നടപ്പിലാക്കുന്ന അനിമൽ ബർത്ത് കൺട്രോൾ (എ.ബി.സി) പദ്ധതി നിലവിൽ എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സജീവമായി നടക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ; പല ജില്ലകളിലും എ.ബി.സി. സെന്ററുകൾ സാങ്കേതിക കാരണങ്ങളാൽ അടഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ പുനരാരംഭിക്കാൻ സ്വീകരിച്ച അടിയന്തര നടപടികൾ എന്തെല്ലാമാണ്; അറിയിക്കാമോ;</td>
<td>(സി)</td>
<td>പോർട്ടബിൾ എ ബി സി യൂണിറ്റുൾപ്പടെ 21 എ ബി സി സെന്ററുകളിലാണ് എ ബി സി പദ്ധതി നിലവിൽ നടപ്പിലാക്കി വരുന്നത്. ബഹു സുപ്രീംകോടതിയുടെ 2025 നവംബർ 7-ാം തീയ്യതിയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തന്നെ എ ബി സി പ്രവ ർത്തനങ്ങൾ തുടർന്നുവരുന്നു. മൃഗസംരക്ഷണവകുപ്പിന്റെ സാങ്കേതിക സഹായത്തോട തദ്ദേശ സ്വയംഭരണ വകുപ്പാണ് എ ബി സി പദ്ധതി നടപ്പാക്കുന്നത്. സാങ്കേതിക കാരണങ്ങളാൽ എ ബി സി സെന്ററുകൾ അടഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടില്ല.<br><br>20 പെർമെനന്റ് എ.ബി.സി സെന്ററിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.<br><br>
<table>
<tr><th>ക്ര.നം</th><th>ജില്ല</th><th>നിലവിൽ ഉള്ള എ.ബി.സി സെന്ററിന്റെ പേര്</th></tr>
<tr><td>1</td><td>തിരുവനന്തപുരം</td><td>പേട്ട, തിരുവല്ലം</td></tr>
<tr><td>2</td><td>കൊല്ലം</td><td>അഞ്ചാലുമ്മൂട്,പുന്തലത്താഴം</td></tr>
<tr><td>3</td><td>പത്തനംത്തിട്ട</td><td>ഇല്ല</td></tr>
<tr><td>4</td><td>ആലപ്പുഴ</td><td>കണിച്ചുകുളങ്ങര</td></tr>
<tr><td>5</td><td>കോട്ടയം</td><td>കോടിമത ( കോട്ടയം മുൻസിപ്പാലിറ്റി)</td></tr>
<tr><td>6</td><td>ഇടുക്കി</td><td>ഇല്ല</td></tr>
<tr><td>7</td><td>എറണാകുളം</td><td>മുളന്തുരുത്തി BP<br><br>വാടാവുകോട് BP<br><br>കൊച്ചിൻ കോർപ്പറേഷൻ<br><br>തൃപ്പൂണിത്തറ മുൻസിപ്പാലിറ്റി</td></tr>
<tr><td>8</td><td>തൃശ്ശൂർ</td><td>പറവട്ടാനി(തൃശ്ശൂർ കോർപ്പറേഷൻ )</td></tr>
<tr><td>9</td><td>പാലക്കാട്</td><td>പാലക്കാട്<br><br>ചിറ്റൂർ<br><br>ആലത്തൂർ<br><br>ഒറ്റപ്പാലം</td></tr>
<tr><td>10</td><td>മലപ്പുറം</td><td>ഇല്ല</td></tr>
<tr><td>11</td><td>കോഴിക്കോട്</td><td>കോഴിക്കോട് കോർപ്പറേഷൻ<br><br>ABC സെന്റർ,(ജില്ലാ പഞ്ചായത്ത്) പനങ്ങാട്</td></tr>
<tr><td>12.</td><td>വയനാട്</td><td>സുൽത്താൻബത്തേരി</td></tr>
<tr><td>13.</td><td>കണ്ണൂർ</td><td>പാടിയൂർ</td></tr>
<tr><td>14</td><td>കാസറഗോഡ്</td><td>മൂളിയാർ</td></tr>
</table>
</td>
</tr>
</table>

| | | | |
|---|---|---|---|
| (ഡി) | കുടുംബശ്രീ യൂണിറ്റുകളെ വന്ധ്യംകരണ ചുമതലയിൽ നിന്ന് ഒഴിവാക്കിയ ഹൈക്കോടതി ഉത്തരവിനെ തുടർന്ന് പകരം സംവിധാനങ്ങൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | **കുടുബശ്രീ യൂണിറ്റുകളെ വന്ധ്യംകരണ ചുമതലയിൽ നിന്ന് ഒഴിവാക്കിയ ഹൈക്കോടതി ഉത്തരവിനെ തുടർന്ന് കരാറടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടർമാർ, ഓപ്പറേഷൻ തീയറ്റർ അസ്സിസ്റ്റന്റുമാർ, ഡോഗ് ക്യാച്ചറേഴ്സ് എന്നിവരെ എ ബി സി സെന്ററുകളിൽ നിയമിക്കുകയും, മൃഗസംരക്ഷണ വകുപ്പിന്റെ സാങ്കേതിക സഹായത്തോടെ തദ്ദേശ സ്വയംഭരണ വകുപ്പ് എ ബി സി സെന്ററുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുകയും ചെയ്യുന്നുണ്ട്** |

സെക്ഷൻ ഓഫീസർ